"ഭരണഭാഷ – മാതൃഭാഷ"

ഇ-മെയിൽ: director.ims@kerala.gov.in വെബ്സൈറ്റ്: www.ims.kerala.gov.in ഫോൺ നം.: 0471-2323960

MRC1/2679/2023/DIMS

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്
ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം - 14,

തീയതി, 14-07-2023

## സർക്കുലർ

വിഷയം :- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്- 2000 /- രൂപയ്ക്ക് മുകളിലുള്ള MRC ബില്ലുകളുടെ പ്രോസസ്സിംഗ് -സംബന്ധിച്ച്

സൂചന :- 1) GO(P) No.42/2018/LBR dtd: 19/05/2018.

2) GO(P) No.90/2020/LBR dtd: 07/12/2020.

3 ) 22/06/2023 തീയതിയിലെ ആയുർവേദ ഡെപ്യൂട്ടി ഡയറക്ടറുടെ DDA/116/2023 നമ്പർ കത്ത്.

സൂചന(1) പ്രകാരം ഇ.എസ് .ഐ ഗുണഭോക്താക്കളുടെ 2,000 /- രൂപയ്ക്ക് മുകളിൽ ഉള്ള ആയുർവേദ ചികിത്സാ ബില്ലുകൾ ആയുർവേദ ഡെപ്യൂട്ടി ഡയറക്ടർ പാസ്സാക്കി തുക ഐ.പി കളുടെ അക്കൗണ്ടിലേക്കു നിക്ഷേപിച്ചു വരുന്നു.എന്നാൽ 2,000/- രൂപയ്ക്കും 10,000/- രൂപയ്ക്കും ഇടയിലുള്ള ബില്ലുകൾ ആയുർവേദ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലേക്ക് അയക്കുമ്പോൾ എൻടൈറ്റിൽമെൻറ് സർട്ടിഫിക്കറ്റുകൾ ഉൾപ്പെടുത്തി വരുന്നില്ല എന്നുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട് .

ഈ സാഹചര്യത്തിൽ 2000 /- രൂപയ്ക്ക്(രണ്ടായിരം രൂപ ) മുകളിൽ ഉള്ള എല്ലാ ആയുർവേദ /ഹോമിയോ ബില്ലുകൾ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ തുടർനടപടികൾക്കായി അയക്കുമ്പോൾ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ക്ലെയിം അയക്കുന്നതിനായി നൽകിയിട്ടുള്ള നിർദേശങ്ങളും മാനദണ്ഡങ്ങളും പാലിക്കുകയും എൻടൈറ്റിൽമെൻറ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയും അയക്കേണ്ടതാണ് എന്നറിയിക്കുന്നു .

ക്ലെയിമിനൊപ്പം ആവശ്യമായ രേഖകൾ ഉൾപ്പെടുത്താതെയും അശ്രദ്ധയോടെയും കൈകാര്യം ചെയ്ത് ക്ലെയിം അയക്കുകയും തിരിച്ചയക്കുകയും ചെയ്യുന്നത് വഴി ക്ലെയിം തുക ഐ.പി ക്ക് അനുവദിക്കുന്നതിന് കാലതാമസമുണ്ടാകുന്നതും, സർവീസ് സ്റ്റാമ്പ് ഇനത്തിൽ സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തുന്നതും ഒഴിവാക്കേണ്ടതാണ് .

വിശ്വസ്തതയോടെ,

Signed by
Malini S
Date: 14-07-2023 12:40:54

sd/-
MALINI S
DIRECTOR OF INSURANCE MEDICAL SERVICES

സ്വീകർത്താവ്:- 1) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ
ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്
ഉത്തര മേഖല ,കോഴിക്കോട് /മദ്ധ്യമേഖല,എറണാകുളം /ദക്ഷിണ മേഖല ,കൊല്ലം.
2) ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ (ALL ESI DISPENSARIES)
3) അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർമാർ ( Ayurveda/Homeo Units)
4) ഡെപ്യൂട്ടി ഡയറക്ടർ
(ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ,ആയുർവേദ /ഹോമിയോ )
5 ) ഐ.ടി ഡിവിഷൻ .
6 ) ഫയൽ /സ്റ്റോക്ക് ഫയൽ.